പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം,ഹൗസിങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.

**നം.എസിഡി എസ്.പി.സി(2)/216669/2021/എച്ച്.എസ്.ഇ** **തീയതി : 29/10/2021**

## <u>സർക്കുലർ</u>

**വിഷയം**:- ഹ.സെ.വി.- ജി-സ്യൂട്ട് ഓൺലൈൻ പഠനം- ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർക്ക് പ്രത്യേക പരിശീലനവും കുട്ടികൾക്ക് ജി-സ്യൂട്ട് ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസും ക്രമീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കൈറ്റ് ചീഫ് എക്സിക്യൂട്ടിവ് ഓഫിസറുടെ 28.10.2021 തിയതിയിലെ കൈറ്റ്/2021/1702(29) നമ്പർ കത്ത്.

കൈറ്റിന്റെ നേതൃത്വത്തിൽ ഹയർ സെക്കന്ററി അധ്യാപകർക്ക് നൽകേണ്ട ജി-സ്യൂട്ട് പരിശീലനം പ്ലസ് വൺ പരീക്ഷയുടെയും മൂല്യനിർണയത്തിന്റെയും സാഹചര്യത്തിൽ മുടങ്ങിയിരുന്നു. പ്രസ്തുത പരിശീലനം നൽകുന്നതിന് സമയക്രമം നിശ്ചയിച്ച് കൈറ്റ് സി.ഇ.ഒ മേൽ സൂചന പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും, അധ്യാപകരും താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ജി-സ്യൂട്ട് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

1. HITC, ജോയിന്റ് HITC, കമ്പ്യൂട്ടർ സയൻസ് അധ്യാപകർ എന്നിവരിൽ ഏതെങ്കിലും രണ്ട് പേരെ നവംബർ 5,6 തിയതികളിൽ കൈറ്റിന്റെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിലായി നടക്കുന്ന ഒരു ദിവസത്തെ പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ജി-സ്യൂട്ട് പരിശീലനം നേടുന്ന അധ്യാപകരുടെ നേതൃത്വത്തിൽ അവരുടെ സ്കൂളിലെ മറ്റ് അധ്യാപകർക്ക് നവംബർ 8,9,10 തിയതികളിലായി ഉച്ചക്ക് ശേഷമുള്ള സമയത്ത് പരിശീലനം നൽക്കുന്നതിനുള്ള ക്രമീകരണം

ഏർപ്പെടുത്തേണ്ടതാണ്. പരിശീലനത്തിന് കൈറ്റിലെ മാസ്റ്റർ ട്രെയിനർമാർ ആവശ്യമെങ്കിൽ ഓൺലൈനായി സഹായം നൽകുന്നതാണ്.

3. അധ്യാപക പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് നവംബർ 9 മുതൽ 12 വരെ തിയതികളിൽ വിദ്യാർത്ഥികൾക്ക് ജി-സ്യൂട്ട് ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസുകൾ ആരംഭിക്കാവുന്നതാണ്.
4. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്കും ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും ജി-സ്യൂട്ട് യൂസർ ഐഡിയും പാസ്‌വേഡും കൈറ്റ് ലഭ്യമാക്കുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**